**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :626                10.03.2015 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ ഏകോപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ഡോ.കെ.ടി.ജലീൽ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ പരമ്പരാഗത വ്യവസായങ്ങളുടെയും ഏകോപനത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) പരമ്പരാഗത വ്യവസായങ്ങളുടെ ഏകോപനത്തിനായി പുതിയ വകുപ്പ് രൂപീകരിച്ചിട്ടില്ല. |
| (ബി) പരമ്പരാഗത വ്യവസായങ്ങളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;<br><br>(സി) വാഗ്ദാനം നടപ്പിലാക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ? | (ബി) & (സി) ഉണ്ട്. പരമ്പരാഗത വ്യവസായമേഖലയുടെ അവസ്ഥ വിലയിരുത്തി പ്രസ്തുത മേഖലയുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിൽ നെയ്ത്തുകാരുടെ അഭാവം ഉൽപ്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിച്ചിട്ടുള്ളതും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിൽ ബുദ്ധിമുട്ടില്ലാത്തതുമാണ്. പരമ്പരാഗത വ്യവസായമായ കൈത്തറിവ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ , റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു.<br><br>പരമ്പരാഗത കശുവണ്ടിവ്യവസായ മേഖലയിൽ പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഗുണമേന്മയുള്ള തോട്ടണ്ടിയുടെ ലഭ്യതക്കുറവും വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നുണ്ട്. കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി |

കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു. പ്രസ്തുത തുകവിനിയോഗിച്ച് കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള നടപടികളും പ്രസ്തുത സ്ഥാപനങ്ങൾ സ്വീകരിച്ച് വരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിലെ പ്രതിസന്ധി വിലയിരുത്തി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് ഇടക്കാല ആശ്വാസം എന്ന നിലയിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി നൽകിയിരുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകികഴിഞ്ഞു. നാളീകേര വികസന ബോർഡുമായുള്ള പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥപാനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, കെൽപാം എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും

അടിസ്ഥാന സൗകര്യവികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിങ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള സാമ്പത്തിക സഹായം, നിശ്ചിത വരുമാനം, തൊഴിലധിഷ്ഠിത വൈദഗ്ധ്യം വർദ്ധിപ്പിക്കൽ എന്നിവ ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

Priya

സെക്ഷൻ ഓഫീസർ